ഭരണഭാഷ — മാതൃഭാഷ

അടിയന്തിരം
സമയപരിധി

നമ്പർ. സി2/3013/റ്റിസി/2011.

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,
[☎ 0471-2333337/2333317 ഫാക്സ് 0471-2333314]
[ഇ-മെയിൽ - tcoffice@keralamvd.gov.in ]
തീയ്യതി, 27-11-2012.

പ്രേഷിതൻ
ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്
എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും

സർ,

വിഷയം :- *മോട്ടോർ വാഹന വകുപ്പ്* — റോഡ് സുരക്ഷാ അതോറിറ്റിയിൽ നിന്നും ലഭിക്കുന്ന ഫണ്ടുകൾ ഉപയോഗിച്ച് അവബോധക്ലാസ്സുകൾ, പരിശീലനങ്ങൾ, പരസ്യ പ്രചാരണങ്ങൾ എന്നിവ നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ - ആഭ്യന്തര ഓഡിറ്റ് — നടത്തുന്നത് — സംബന്ധിച്ച്.

സൂചന :-
1. ഇതേ നമ്പറിലെ 16-05-2011, 01-12-2011, 02-12-2011, 08-12-2011 എന്നീ തീയ്യതികളിലെ കത്തുകൾ.
2. ട്രാൻസ്പോർട്ട് കമ്മീഷണറുടെ ഇതേ നമ്പറിലെ 24-09-2011, 29-11-2011 എന്നീ തീയ്യതികളിലെ നടപടി ക്രമങ്ങൾ.

റോഡ് സുരക്ഷാ അതോറിറ്റിയിൽനിന്നും ലഭിക്കുന്ന ഫണ്ടുകൾ വിനിയോഗിക്കുന്നതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സൂചനകൾ പ്രകാരം നൽകിയിട്ടുണ്ട്. 16-05-2011-ലെ കത്തു പ്രകാരം ഒറിജിനൽ വൗച്ചറുകൾ ഓഡിറ്റ് നടത്തുന്ന അവസരത്തിൽ നൽകുന്നതിലേയ്ക്കായി അതാത് ഓഫീസുകളിൽത്തന്നെ സൂക്ഷിയ്ക്കണമെന്നും, പ്രസ്തുത വൗച്ചറുകളുടെ പകർപ്പുകൾ റീജിയണൽ ട്രാൻസ്പോട്ട് ഓഫീസർ/ ജോയിന്റ് റീജിയണൽ ട്രാൻസ്പോട്ട് ഓഫീസറുടെ റിമാർക്സും, സാക്ഷ്യപ്പെടുത്തലും സഹിതം എല്ലാമാസവും ട്രാൻസ്പോർട്ട് കമ്മീഷണർക്ക് അയയ്ക്കണമെന്നും അറിയിച്ചിട്ടുണ്ട്. റീജിയണൽ ട്രാൻസ്പോട്ട് ഓഫീസിലെ സീനിയർ സൂപ്രണ്ടുമാർ ഫണ്ടിന്റെ വിനിയോഗം ആഭ്യന്തര ഓഡിറ്റിന് നൽകണമെന്ന നിർദ്ദേശം 08-12-2011-ലെ കത്ത് മുഖാന്തിരം അറിയിച്ചിട്ടുണ്ട്. എന്നാൽ ഓഫീസുകളിൽ നിന്നും ഫണ്ട്

ചെലവഴിച്ചതായി കാണിക്കുന്ന യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റിന്റെ കൂടെ വൗച്ചറുകളുടെ കോപ്പി ഉള്ളടക്കം ചെയ്യുതായി കാണുന്നില്ല.

പ്രസ്തുത നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിലേയ്ക്കായി എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും അടിയന്തിരമായി ആഭ്യന്തര ഓഡിറ്റ് നടത്തേണ്ടതും ആർ ടി ഒ/ജോ ആർ ടി ഒ- മാർ ഒരു മാസത്തിനുള്ളിൽ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകളുടെ പകർപ്പുസഹിതം റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാകുന്നു. ശരിയായ രീതിയിൽ ആഭ്യന്തര ഓഡിറ്റ് നടത്താത്തതുമൂലം റോഡ് സേഫ്റ്റി ഫണ്ടിന്റെ വിനിയോഗത്തിൽ ഉണ്ടാകാവുന്ന പാളിച്ചകളുടെ ഉത്തരവാദിത്തം ബന്ധപ്പെട്ട ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്ക് കൂടി ഉണ്ടായിരിക്കുമെന്ന് ഇതിനാൽ അറിയിക്കുന്നു.

വിശ്വസ്തതയോടെ,

ഒപ്പ്

ട്രാൻസ്പോർട്ട് കമ്മീഷണർ.

<u>പകർപ്പ്:-</u> എല്ലാ റീജിയണൽ ട്രാൻസ്പോട്ട് ഓഫീസർ/
**ജോയിന്റ് റീജിയണൽ ട്രാൻസ്പോട്ട് ഓഫീസർമാർക്കും**
**അറിവിലേക്കും തുടർനടപടികൾക്കുമായി.**

**അംഗീകാരത്തോടെ**

സീനിയർ സൂപ്രണ്ട് 28/11/18

എസ്. എസ്.